പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3721 | 14.03.2017 ൽ മറുപടിയ്ക്ക് |

**സാമൂഹ്യനീതി വകുപ്പ് വഴി നടപ്പാക്കുന്ന പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തോമസ് ചാണ്ടി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സ്ത്രീകളുടെയും കുട്ടികളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സുരക്ഷയും ഉറപ്പ വരുത്താൻ എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

(എ) വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന 'ദീപ്തം' പദ്ധതി, അശരണരായ വിധവകൾക്ക് അഭയസ്ഥാനം നൽകുന്ന ബന്ധുക്കൾക്ക് ധനസഹായം നൽകുന്ന 'അഭയകിരണം' പദ്ധതി, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് സൗജന്യമായി കൃത്രിമ ദന്തനിര വച്ചു നൽകുന്നതിനായുള്ള 'മന്ദഹാസം' പദ്ധതി, വയോജനങ്ങൾക്ക് സമസ്ത മേഖലകളിലും സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 'സായംപ്രഭ' പദ്ധതി, 6 വയസ്സു വരെയുള്ള കുഞ്ഞുങ്ങളെ പകൽ സമയങ്ങളിൽ പരിപാലിക്കാനായി അങ്കണവാടികളോടനുബന്ധിച്ച് ക്രഷ് സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി എന്നിവ ആരംഭിക്കും.

സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ ലക്ഷ്യ ഗ്രൂപ്പായ ശ്രദ്ധയും പരിചരണവും ആവശ്യമുള്ളതും നിയമത്തിനു വിധേയരാകാത്തതുമായ കുട്ടികളുടെ ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി 'ബാലനിധി' എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കുന്നതും 2015-ലെ ജെ.ജെ ആക്ട്, 2016-ലെ മോഡൽ റൂൾ എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രസ്തുത ഫണ്ട് മുഖേന കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്.

സംസ്ഥാനത്ത് വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി ഒരു സർവ്വെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മേൽപ്പറഞ്ഞ സർവ്വേയിലൂടെ കണ്ടെത്തുന്ന കുട്ടികൾക്ക് ജെ.ജെ ആക്ടിന്റെ പരിധിയിൽ നിന്നുകൊണ്ട് ക്ഷേമവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പോക്സോ ആക്ട് 2012 ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിക്ടിമുകൾക്ക് കാലതാമസം കൂടാതെ വിക്ടിം കോമ്പൻസേഷൻ അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്. പൊതുജനത്തെ പോക്സോ ആക്ടിനെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനായി ബോധവത്കരണ പരിപാടികൾ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ മുഖേന സംഘടിപ്പിക്കും. അനധികൃത ദത്തെടുക്കൽ തടയുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ജീവനക്കാർക്ക് സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ റിസർച്ച്

ഏജൻസി (SARA) മുഖേന ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കു വേണ്ടിയുള്ള ചിൽഡ്രൻസ് ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി താല്പര്യം പ്രകടിപ്പിച്ച് മുന്നോട്ടു വരുന്ന എൻ.ജി.ഒ-കളുടെ സേവനങ്ങളും ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധ പതിപ്പിക്കും.

ബാലവിവാഹം നിരോധിക്കുന്നതിന്റെ ഭാഗമായി വകുപ്പ് തയ്യാറാക്കിയിട്ടുള്ള ടെലിഫിലിം എല്ലാ സ്കൂളുകളിലും പൊതു സ്ഥലങ്ങളിലും പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ബാലഭിക്ഷാടനം തടയുന്നതിനായി പ്രധാനപ്പെട്ട ദേവാലയങ്ങൾ കേന്ദ്രീകരിച്ച് ബാലഭിക്ഷാടന നിരോധന ക്ലാസുകൾ സംഘടിപ്പിക്കുന്നതായിരിക്കും. ഇത്തരത്തിൽ കണ്ടെത്തുന്ന അന്യസംസ്ഥാന കുട്ടികളെ ഉടനടി സ്വദേശത്തേയ്ക്ക് മടക്കി അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് കെയർ സ്ഥാപനങ്ങൾ ചൈൽഡ് ഫ്രെണ്ട് ലി ആക്കുന്നതിന്റെ ഭാഗമായി ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ 18 വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് ആഫ്റ്റർ കെയർ പ്രോഗ്രാം നടപ്പിലാക്കുന്നതു സംബന്ധിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു.

ഒരേ നമ്പറിൽ സ്ത്രീസുരക്ഷാ സഹായങ്ങൾ ഏകീകരിക്കുന്ന പദ്ധതിയായ 181, മാർച്ച് അവസാനത്തോടെ കേരളത്തിലും നടപ്പിലാവും. കേരളത്തിലിത് അറിയപ്പെടുക 'മിത്ര 181' എന്ന പേരിലായിരിക്കും. 181 എന്ന ഏക ടോൾ ഫ്രീ നമ്പറിലൂടെ അടിയന്തിര ഘട്ടങ്ങളിലും അല്ലാത്തപ്പോഴും സ്ത്രീകൾക്ക് വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്ന 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് മിത്ര 181. 181 എന്ന നമ്പറിലേയ്ക്ക് വിളിക്കുന്നവർക്ക് അടുത്തുള്ള പോലീസ് സ്റ്റേഷൻ, പ്രധാന ആശുപത്രി, ആംബുലൻസ് സർവീസുകൾ എന്നിവയുടെ സേവനങ്ങൾ ഉറപ്പായും ലഭിക്കുന്ന വിധത്തിലാണ് സജ്ജീകരണം. ഇവയ്ക്കു പുറമെ സംസ്ഥാനത്തെ സർക്കാർ, സർക്കാരേതര ക്ഷേമ പദ്ധതികൾ, വിവിധ സ്ത്രീ പക്ഷ സേവനങ്ങൾ എന്നിവയുടെ വിവരങ്ങളും മിത്ര 181 ഹെൽപ്പ് ലൈനിലൂടെ ലഭിക്കും. ലാന്റ് ഫോണിൽ നിന്നും മൊബൈൽ ഫോണിൽ നിന്നും മിത്ര 181 ലേക്ക് വിളിക്കാവുന്നതാണ്. ഹെൽപ്പ് ലൈനിന്റെ വിജയത്തിന് സുശക്തവും വിപുലവുമായ വിവരശേഖരണം

പൂർത്തിയാക്കിവരുന്നു. സർക്കാർ, സർക്കാരേതര, സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും സഹകരണത്തോടെയാണ് ഇത് സാദ്ധ്യമാക്കുന്നത്. ഹെൽപ്പ് ലൈനിൽ പ്രവർത്തിക്കുന്നവരുടെ പരിശീലനം ഉടൻ പൂർത്തിയാകും. വിദഗ്ധരുടെ പങ്കാളിത്തത്തോടെ കൈപ്പുസ്തകം തയ്യാറാക്കിയാണ് പരിശീലനം നടത്തുന്നത്.

വനിതകളുടെ ക്ഷേമം, സുരക്ഷ തുടങ്ങിയ മേഖലകൾ അടിസ്ഥാനമാക്കി വനിതകളുടെ ഉന്നമനത്തിനായുള്ള സ്ത്രീശക്തി പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻവഴി നടപ്പാക്കും. സംസ്ഥാനത്തെ അംഗപരിമിത സൗഹാർദ്ദ സംസ്ഥാനമാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടെ പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള 'അനുയാത്ര' പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പാക്കും. ഗർഭധാരണത്തിനു മുമ്പു തന്നെ വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം മുതൽ അമ്മയ്ക്കും കുഞ്ഞിനുമുള്ള പ്രതിരോധ കുത്തിവെയ്പുകളും കുട്ടി ജനിച്ച ഉടനെ പരിശോധനകളും തുടർനടപടികളും ഇതിൽ ഉൾപ്പെടും.

(ബി) സംയോജിത ശിശുവികസന സേവന പദ്ധതി കാര്യക്ഷമമാക്കുന്നതിലേയ്ക്ക് ടി പദ്ധതിയുടെ അടിസ്ഥാന കേന്ദ്രങ്ങളായ അങ്കണവാടികൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കി വരുന്നു. കൂടാതെ എല്ലാ അങ്കണവാടികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് അങ്കണവാടി വഴി നൽകി വരുന്ന അനുപൂരകപോഷകാഹാരത്തിൽ ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംയോജിത ശിശുവികസന സേവന പദ്ധതിക്ക് ആവശ്യമായ നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ പ്രത്യേക മോണിറ്ററിംഗ് സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംയോജിത ശിശുസംരക്ഷണ പദ്ധതിയിലൂടെ സംസ്ഥാനത്ത് ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരും നിയമവുമായി പൊരുത്തപ്പെടാത്തവരുമായ കുട്ടികളുടെ സംരക്ഷണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികൾ കൂടുതൽ വിപുലമായി നടപ്പിലാക്കുന്നതിനായി മേൽപ്പറഞ്ഞ കുട്ടികളുടെ വിദ്യാഭ്യാസ സഹായത്തിനായി സ്പോൺസർഷിപ്പ് പദ്ധതി വിപുലമാക്കും. ചിൽഡ്രൻസ് ഹോമുകളിലെ

കുട്ടികൾക്ക് വീട് അനുഭവം ഉറപ്പാക്കുന്നതിനായുള്ള ഫോസ്റ്റർ കെയർ പദ്ധതി വിപുലീകരിക്കുന്നതിനായി പത്രമാദ്ധ്യമങ്ങളിലൂടെ പ്രചരണം നടത്തുകയും പദ്ധതി കാര്യക്ഷമമായി നടത്തുകയും ചെയ്യും. കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി ആരംഭിച്ച 'ഓപ്പറേഷൻ വാത്സല്യ' രണ്ടാം ഘട്ടം നടപ്പിലാക്കും. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ മാനസീക ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള 'കാവൽ പദ്ധതി' എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ താമസക്കാരുടെ ആരോഗ്യ പരിരക്ഷയ്ക്കായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് 'വയോ അമൃതം പ്രോജക്ട്' നടപ്പാക്കി വരുന്നു. ഇത് തുടർപദ്ധതിയായി നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. 65 വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ നൽകുന്ന വയോമിത്രം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 13 നഗര പ്രദേശങ്ങളിൽ ഇതിനകം ആരംഭിച്ചു. മുഴുവൻ നഗര പ്രദേശങ്ങളിലും പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ